# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

*(ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ)*

തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം - 14

( ഫോൺ : 2945600, 2945646 )

e-mail: admin.kmscl@kerala.gov.in, website: www.kmscl.kerala.gov.in


**No. KMSCL/Admn/13254/2024** **Dated : 24.07.2024**

## ദർഘാസ് നോട്ടീസ്

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആസ്ഥാനകാര്യാലയത്തിലേക്ക് ചുവടെ പറയുന്ന ഫോട്ടോ കോപ്പിയർ പേപ്പർ ലഭ്യമാക്കുന്നതിനായി അംഗീകൃത വിതരണക്കാരിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു.

| ക്രമ. നം. | ദർഘാസ് നം. | എണ്ണം | നിരതദ്രവ്യം | അവസാന തീയതി |
|---|---|---|---|---|
| 1. | Photocopier Paper A4 size (21x29.7cm) 80gsm. | 1200 pkts. (500 sheets per packet) | Rs. 2,940/- | 05.08.2024 5.00 PM ന് |

ദർഘാസ് പ്രമാണം www.kmscl.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ദർഘാസിൽ ആവശ്യപ്പെട്ടിട്ടുള്ള നിരതദ്രവ്യം സഹിതമുള്ള അപേക്ഷ മേൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ് /-) **മാനേജിംഗ് ഡയറക്ടർ**

Draft #1 of File KMSCL/ADMN/13254/2024 Approved by Managing Director on 24-Jul-2024 11:34 AM - Page 1

# ടെൻഡർ നോട്ടീസ്

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്**
**(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, കേരള സർക്കാർ)**
**തൈക്കാട് പി. ഓ. (ഫോൺ : 0471 2945764 ,2945646 □)**

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻറെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന മുഖ്യകാര്യാലയത്തിലേക്ക് എ4 സൈസ് 80 ജിഎസ്എം പേപ്പർ ലഭ്യമാക്കുന്നതിനായി മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | ഇനം | ആവശ്യമുള്ള എണ്ണം |
|---|---|---|---|
| 1 | KMSCL/Admn/13254/2024 Dated 24/7/2024 | ഫോട്ടോ കോപ്പിയർ പേപ്പർ, എ4 (21x29.7cm) 80 ജിഎസ്എം | 1200 പാക്കറ്റ് (ഒരു പാക്കറ്റിൽ 500 ഷീറ്റുകൾ) |

ദർഘാസുകൾ സമർപ്പിക്കുന്ന കവറിനു പുറത്ത് ടെൻഡർ നമ്പരും തീയതിയും രേഖപ്പെടുത്തേണ്ടതും "മാനേജിംഗ് ഡയറക്ടർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാട്, തിരുവനന്തപുരം 695014" എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ മേൽ വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ എന്നിവ കവറിനു പുറത്ത് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾ സമർപ്പിക്കേണ്ട അവസാന തീയതി 05/08/2024 നും ദർഘാസുകൾ തുറക്കുന്ന തീയതി 07/08/2024 നുമാണ്. ടെൻഡറിൽ പരാമർശിച്ചിട്ടുള്ള നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാകാത്ത ടെൻഡറുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസുകൾ തുറക്കുന്ന വേളയിൽ താല്പര്യമുള്ളപക്ഷം ബിഡർക്കോ ബിഡ്ഡർ ചുമതലപ്പെടുത്തിയ വ്യക്തിയ്ക്കോ ദർഘാസിൽ പങ്കെടുക്കാവുന്നതാണ്.

ടെൻഡറിൽ പങ്കെടുക്കുന്നതിലേയ്ക്കായി ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടതും ആയതിനൊപ്പം നിരത ദ്രവ്യമായ 2,940/- രൂപ മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റായി (ഡി.ഡി.) സമർപ്പിക്കേണ്ടതുമാണ്. നിരതദ്രവ്യം സമർപ്പിക്കാത്ത ദർഘാസ് അപേക്ഷ പരിശോധനയുടെ ആദ്യ ഘട്ടത്തിൽ തന്നെ നിരസിക്കുന്നതായിരിക്കും. ദർഘാസ് പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് പലിശരഹിത നിരതദ്രവ്യം ബിഡ്ഡർമാർക്ക് തിരികെ നൽകുന്നതായിരിക്കും.

## ദർഘാസ്- പൊതുവിവരങ്ങൾ

(വായിക്കാനാകും വിധം വ്യക്തമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്).

| | | | |
|---|---|---|---|
| 1. | ദർഘാസ് സമർപ്പിക്കുന്ന ആളിൻറെ പേരും വിലാസവും<br>ഫോൺ നമ്പർ,<br>മൊബൈൽ<br>ഇ-മെയിൽ വിലാസം | : | |
| 2. | ഓഫീസിൻറെ പേരും വിലാസവും | : | |
| 3. | പാൻ കാർഡ് | : | ഉണ്ട് /ഇല്ല |
| | | | |

| | | | |
|---|---|---|---|
| 4. | ജി .എസ്. ടി. രജിസ്ട്രേഷൻ | : | ഉണ്ട് /ഇല്ല |
| 5. | ജി. എസ്. ടി. രജിസ്ട്രേഷൻ രേഖയുടെ പകർപ്പ് | : | ഉണ്ട് /ഇല്ല |

മേൽ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങളെല്ലാം സത്യമാണ് എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.ദർഘാസ് രേഖയിലെ നിബന്ധനകളും വ്യവസ്ഥകളും മനസ്സിലാക്കുന്നുവെന്നും അതെല്ലാം അംഗീകരിക്കുന്നുവെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ദർഘാസ് സമർപ്പിക്കുന്ന ആളിൻറെ പേര് :

തീയതി : ഒപ്പ് :

**ടെൻഡറിൽ വിലനിരക്ക് രേഖപ്പെടുത്തുമ്പോൾ അൺലോഡിങ് നിരക്ക് ഉൾപ്പെടെ ജി.എസ്.ടി. കൂടാതെയുള്ള തുകയായിരിക്കണം രേഖപ്പെടുത്തേണ്ടത്. ടി.ഡി.എസ്. ഒടുക്കേണ്ടിയുണ്ടെങ്കിൽ ആയതിനുള്ള രേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.**

<u>പ്രൈസ് ബിഡ് മാതൃക</u>

| ടെൻഡറിൽ വാഗ്ദാനം ചെയ്യുന്ന എ4 സൈസ് പേപ്പർ | ഒരു പാക്കറ്റ് (500 ഷീറ്റുകൾ) വിതരണം ചെയ്യുന്നതിന് വാഗ്ദാനം ചെയ്യുന്ന തുക (അൺലോഡിങ് നിരക്ക് ഉൾപ്പെടെ ജി.എസ്.ടി. കൂടാതെയുള്ള തുക) (വിലനിരക്ക് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്) |
|---|---|
| | |

കരാർ കാലയളവ് 1 വർഷമായിരിക്കും. ദർഘാസിൽ യോഗ്യത നേടുന്ന ബിഡ്ഡർ, തുക സംബന്ധിച്ച വിവരം അറിയിക്കുന്ന തീയതി മുതൽ 10 ദിവസത്തിനകം കോർപ്പറേഷനുമായി കരാറിലേർപ്പെടേണ്ടതും മൊത്തം കരാർ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതുമാണ്. ദർഘാസ് വ്യവസ്ഥകൾ, കരാർ വ്യവസ്ഥകൾ, കരാർ പ്രകാരം അംഗീകരിച്ചിട്ടുള്ള തുക എന്നിവയിൽ, കരാർ കാലയളവിലുടനീളം മാറ്റം വരുന്നതല്ല.

ടെൻഡർ പ്രകാരമുള്ള ആകെ ക്വാണ്ടിറ്റിയായ 1200 പാക്കറ്റ് വിതരണം ചെയ്യുന്നതിനായി 4 ഘട്ടങ്ങളിലായാണ് പർച്ചേസ് ഓർഡർ നൽകുന്നത്. ഓരോ ഘട്ടത്തിലും 300 പാക്കറ്റ് വീതം വിതരണം ചെയ്യേണ്ടതാണ്. വിതരണ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം വിതരണ ഉത്തരവ് പ്രകാരമുള്ള ഇനം വിതരണം ചെയ്യേണ്ടതാണ്.

ഓരോ ഘട്ടത്തിലെയും പർച്ചേസ് ഓർഡർ പ്രകാരമുള്ള ഇനം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് പേയ്മെന്റിനായി ബില്ല് സമർപ്പിക്കാവുന്നതും ആയതിന് 10 ദിവസത്തിനകം പേയ്മെൻറ് നൽകുന്നതുമായിരിക്കും.

ദർഘാസിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ പാലിക്കാതെ വന്നാൽ കരാറുകാരൻറ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുകയും കരാർ നിർത്തലാക്കുകയും ചെയ്യും. കരാർ കാലയളവിൽ 45 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യാനുള്ള അവകാശം കരാറുകാരനും കോർപ്പറേഷനും ഉണ്ടായിരിക്കുന്നതാണ്.

കോർപ്പറേഷനുമായി ഏതെങ്കിലും തരത്തിലുള്ള തർക്ക വിഷയങ്ങളോ അഭിപ്രായ വ്യത്യാസങ്ങളോ ഉണ്ടാവുകയാണെങ്കിൽ (ഉടമ്പടി, ദർഘാസ് എന്നിവയിൽ പരാമർശിച്ചതൊഴികെ) കോർപ്പറേഷന്റെ ചെയമാനും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മുമ്പാകെ വിശദീകരിക്കാവുന്നതാണ്. അദ്ദേഹത്തിൻറ തീരുമാനം അന്തിമമായിരിക്കും.

ടെൻഡർ ഇൻവയറ്റിംഗ് അതോറിറ്റി

Draft #1 of File KMSCL/ADMN/13254/2024 Approved by Managing Director on 24-Jul-2024 11:34 AM - Page 2